**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1880 13.06.2019 ൽ മറുപടിയ്ക്ക്

**സർക്കാർ ഓഫീസുകളിൽ ഇ-ഫയൽ**

| **ചോദ്യം**<br>**ശ്രീ. അനൂപ് ജേക്കബ്**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. കെ.സി.ജോസഫ്**<br>**ശ്രീ. പി.ടി. തോമസ്** | | **മറുപടി**<br>**പിണറായി വിജയൻ**<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളിൽ ഇ-ഫയൽ നീക്കത്തിനുള്ള സോഫ്റ്റ് വെയർ ഏത് ഏജൻസിയാണ് തയ്യാറാക്കി നൽകിയിട്ടുള്ളത്; | (എ) | NIC തയ്യാറാക്കിയ ഇ-ഓഫീസ് സോഫ്റ്റ് വെയറാണ് സംസ്ഥാന സർക്കാർ ഓഫീസുകളിൽ ഫയൽ പ്രോസസിംഗിനായി ഉപയോഗിക്കുന്നത്. |
| (ബി) | സർക്കാർ ആവശ്യപ്പെട്ടപ്പോഴൊക്കെ പ്രസ്തുത ഏജൻസി സോഫ്റ്റ് വെയർ പരിഷ്കരിച്ച് നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ഇതിന്റെ ഏറ്റവും പുതിയ പതിപ്പ് പ്രസ്തുത സ്ഥാപനം സർക്കാരിന് നൽകിയിട്ടുണ്ടോ; | (സി) യും (ഡി) യും | ഇ-ഓഫീസിലെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് വെർഷൻ 2.0 തയ്യാറാക്കണമെന്ന് എൻ.ഐ.സിയ്ക്ക് നിരവധി തവണ നിർദ്ദേശം നൽകിയെങ്കിലും എൻ.ഐ.സി ആയതിന് തയ്യാറാകാത്ത സാഹചര്യത്തിലാണ് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിലുള്ള പുതിയ ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷനു വേണ്ടിയുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചത്. ടെണ്ടർ നടപടികൾ പൂർത്തിയായാൽ മാത്രമേ ഏജൻസി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളു. |
| (ഡി) | ഇ-ഫയൽ സംവിധാനം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള സ്ഥാപനത്തിൽ നിന്നും മാറ്റി സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദീകരിക്കുമോ? | | |

Sajan

**സെക്ഷൻ ഓഫീസർ**